## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3707 | 11.11.2019 - ൽ മറുപടിക്ക് |
|---|---|

## ആലപ്പുഴ ജില്ലയിൽ നവകേരള നിർമ്മാണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര പുനർ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ, | (എ)<br>&<br>(ബി) | പ്രളയനാന്തരം ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative)-ന് രൂപം നൽകി.<br><br>വിവിധ വകുപ്പുകൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുമ്പാകെ സമർപ്പിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ പരിഗണിച്ചു വരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13/08/2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>1.പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന |
| (ബി) | നവകേരള നിർമ്മാണ പദ്ധതിയിലൂടെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ, | | |

| | | | |
|---|---|---|---|
| | | | നയവായ്പയിൽനിന്ന്)<br>2.തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മത്സ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഭരണാനുമതി)<br>ഇതിനു പുറമെ ജലവിഭവം , തദ്ദേശ സ്വയംഭരണം , കൃഷി , മൃഗപരിപാലനം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട |

| | |
|---|---|
| | നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും 83.69 കിലോമീറ്റർ ദൈർഘ്യമുള്ള പൊതുമരാമത്തു റോഡുകളും 115.487 കിലോമീറ്റർ തദ്ദേശ സ്വയംഭരണ റോഡുകളും പുനർനിർമ്മാണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ